# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *394 20.07.2015-ൽ മറുപടിയ്ക്ക്

## ഹിൽ ഹൈവേ പ്രോജക്ട്

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. ഡൊമിനിക് പ്രസന്റേഷൻ**<br>**,, കെ.മുരളീധരൻ**<br>**,, ഐ.സി.ബാലകൃഷ്ണൻ**<br>**,, ആർ.സെൽവരാജ്** | | **ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്**<br>(പൊതുമരാമത്ത് വകുപ്പമന്ത്രി) |
| (എ) ഹിൽ ഹൈവേ പ്രോജക്ടിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ; വിശദമാക്കാമോ ; | (എ) | സംസ്ഥാനത്തെ മലയോര പ്രദേശങ്ങളെ തമ്മിൽ ബന്ധിപ്പിച്ച് പ്രസ്തുത പ്രദേശങ്ങളുടെ സമഗ്രമായ വികസനത്തിനും കാർഷിക വിഭവങ്ങളുടെ വിപണനത്തിനും ഉതകുന്ന രീതിയിൽ പരമാവധി നിലവിലുള്ള പാതകളെ വികസിപ്പിച്ച് സംസ്ഥാനത്തിന്റെ തെക്കേ അറ്റം മുതൽ വടക്കേ അറ്റം വരെ ബന്ധിപ്പിക്കുക എന്നതാണ് ഹിൽ ഹൈവേയുടെ ലക്ഷ്യം. ആദിവാസി മേഖലകളുടെയും, പിന്നാക്ക പ്രദേശങ്ങളുടെയും വികസനവും ഇത് ലക്ഷ്യമിടുന്നു. |
| (ബി) പദ്ധതി സമയബന്ധിതമായി നടപ്പാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) | 10.06.2015 തീയതിയിലെ സർക്കാർ ഉത്തരവ് (സാധാ) നം. 801/15/പൊ.മ.വ. പ്രകാരം, ഹിൽ ഹൈവേ പദ്ധതി, സർക്കാരിന്റെ District Flagship Infrastructure Projects (DFIP)-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതനുസരിച്ച് പദ്ധതി ഘട്ടം ഘട്ടമായി നടപ്പിലാക്കുക എന്ന ലക്ഷ്യത്തോടുകൂടി കണ്ണൂർ, ജില്ലയിലെ ചെറുപുഴ-പയ്യാവൂർ-ഉളിക്കൽ-വള്ളിത്തോട് (59.415 km) റോഡിനും കാസർഗോഡ് ജില്ലയിലെ നന്ദാരപടവ്-ചെറുപുഴ റോഡിനും തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. |
| (സി) ഏതെല്ലാം ഏജൻസികളാണ് ഈ പ്രോജക്ടുമായി സഹകരിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | (സി) | പദ്ധതി റിപ്പോർട്ട് തയ്യാറാക്കുന്നത് NATPAC-ഉം, പ്രവൃത്തിക്ക് ഫണ്ട് സ്വരൂപിക്കുന്നത് കേരളാ റോഡ് ഫണ്ട് ബോർഡുമാണ്. കൂടാതെ പദ്ധതി നടപ്പിലാക്കുന്നത് പൊതുമരാമത്ത് വകുപ്പിന്റെ റോഡ്സ് വിഭാഗമാണ്. |
| (ഡി) ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ? | (ഡി) | പദ്ധതി നടപ്പിലാക്കുന്നതിന് DFIP-യിൽ ഉൾപ്പെടുത്തുകയും കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കുന്നതിന് NATPAC-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്.പദ്ധതി റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്. കണ്ണൂർ ജില്ലയിലെ ഹിൽ ഹൈവേയുടെ ഭാഗമാകുന്ന ക്ലീൻതോട്ട മുതൽ ആറളം വരെയുള്ള പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ